LIBRARY ARCHIVES Kerala Legislative Assembly

എറണാകളം ജില്ലയിലെ റോഡുകളുടെ നവീകരണം

275(3162) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകളം ജില്ലയിലെ റോഡുകളുടെ ദൈർഘ്യം നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ പദ്ധതികൾ പ്രകാരം റോഡുകളുടെ പുനരുദ്ധാണത്തിനും അറ്റകുറ്റ പണികൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുക എത്രയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം

276(3163) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ബൈപ്പാസ് റോഡ് പണി ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മലപ്പുറം-കോട്ടപ്പടി ബൈപ്പാസ് റോഡുകൾ 1-ഉം 2-ഉം ഘട്ടങ്ങൾക്ക് സ്ഥല ഉടമകൾ മുൻകൂറായി വിട്ട് തന്നിരുന്ന ഭാഗങ്ങൾ മാത്രമാണ് റോഡാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ റോഡുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായതും ഭൂ ഉടമകൾ മുൻകൂറായി വിട്ടുതരാത്ത ഭാഗങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരികയാണ്. സ്ഥലമെടുപ്പ് നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് നൽകേണ്ടതായ എല്ലാ രേഖകളും റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. നിലം നികത്തുന്നതിനായി സെക്രട്ടറിയേറ്റിലെ കൃഷി വകുപ്പിൽനിന്നും ലഭിക്കേണ്ട അനുമതിപത്രം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടില്ല.

(സി) ബൈപ്പാസുകൾ പൂർത്തീകരിക്കുന്നതനിന് ആവശ്യമായ സ്ഥലം റവന്യൂ വിഭാഗം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ റോഡ് പണി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

GPM. 2/241/2020-41